ഡി.വൈ.എസ്.പി.-മാരുടെ സ്ഥാനക്കയറ്റം

171 (175) ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിരമിക്കാൻ 15 ദിവസം ബാക്കി നിൽക്കെ നാല് ഡി.വൈ.എസ്.പി. മാർക്ക് എസ്.പി.മാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ ;

(ബി) രണ്ട് കേഡർ എസ്.പി.മാരെ അവധിയിൽ പ്രവേശിപ്പിച്ചും രണ്ട് ഡി.വൈ.എസ്.പി.മാരെ സ്ഥലം മാറ്റിയും കൃത്രിമമായി ഒഴിവുകൾ ഉണ്ടാക്കിയാണ് സ്ഥാനക്കയറ്റം നൽകിയത് എന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡി.വൈ.എസ്.പി.മാരായ രതീഷ് കൃഷ്ണൻ, പി. വി. ചാക്കോ, ഡി. രാജേന്ദ്രൻ, എസ്. സനൽകുമാർ എന്നിവർക്ക് എസ്.പി.മാരായി സ്ഥാനക്കയറ്റം നൽകിയത് ഏത് തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ;

(ഡി) പ്രസ്തുത സ്ഥനക്കയറ്റം നടത്തുമ്പോൾ ബന്ധപ്പെട്ടവർക്ക് വിരമിക്കുന്നതിന് അവശേഷിക്കുന്ന ദിവസങ്ങൾ എത്രയായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-5-2015-ാം തീയതി വിരമിക്കാനുള്ള രണ്ട് ഡി.വൈ.എസ്.പി.-മാർക്ക് 13-5-2015-ലും ഒരു ഡി.വൈ.എസ്.പി.-ക്ക് 29-5-2015-ലും സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 13-5-2015-ലെ സ.ഉ.(സ്വ) നമ്പർ 1126/2015/ആഭ്യന്തരം പ്രകാരം.

(ഡി) മേൽ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് സർവ്വീസിൽ നിന്നും വിരമിക്കുവാൻ അവശേഷിച്ച ദിവസങ്ങൾ ചുവടെ ചേർക്കുന്നു:

(i)	ശ്രീ. രതീഷ് കൃഷ്ണൻ	2 വർഷവും 19 ദിവസവും
(ii)	ശ്രീ. പി. വി. ചാക്കോ	1 വർഷവും 19 ദിവസവും
(iii)	ശ്രീ. രാജേന്ദ്രൻ, ഡി.	19 ദിവസം
(iv)	ശ്രീ.സനൽകുമാർ, എസ്.	19 ദിവസം
(v)	ശ്രീ. എം. വി. രാജേന്ദ്രൻ	3 ദിവസം

LIBRARY ARCHIVES Kerala Legislative Assembly